**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2614** **17-03-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീമതി കാനത്തിൽ ജമീല** | | **null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് നിയന്ത്രണങ്ങൾ നീങ്ങിയിട്ടും കര കയറാൻ കഴിയാത്ത കൈത്തറി മേഖലയെ സംരക്ഷിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പദ്ധതികൾ വ്യക്തമാക്കാമോ; | (എ) | കോവിഡ് - 19 വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ / അർദ്ധ സർക്കാർ / അധ്യാപകർ / പൊതുമേഖല സ്ഥാപനങ്ങളിലെ ജീവന ക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07.12.2020ലെ സി.ഡി.എൻ 2/97/2020/പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി / ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01.2022ലെ സി.ഡി.എൻ2/1/2022/ പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി / ഖാദി ഉൽപ്പന്ന ങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാകുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. പല പൊതുമേഖലാ സ്ഥാപനങ്ങളും ഗവൺമെന്റ് സ്ഥാപനങ്ങളും അവർക്കാവശ്യമായ തുണിത്തരങ്ങൾ കൈത്തറി മേഖലയിൽ നിന്നും വാങ്ങുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ വിപണനത്തിൽ പ്രതിസന്ധി നേരിട്ട കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ മുൻകൂട്ടി അനുവദിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്കും പുറമെ 2020-21 ൽ 50 അധിക ദിനങ്ങളും 2021-22 സാമ്പത്തിക വർഷം 6 അധിക റിബേറ്റ് ദിനങ്ങളെ സ്പെഷ്യൽ റിബേറ്റ് ദിനങ്ങളായി അനുവദിച്ചു. കൂടാതെ കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നു. 1) മൂലധന സഹായ പദ്ധതികൾ പ്രാഥമിക കൈത്തറി |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം 2)പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ 1. i) പ്രൊഡക്ഷൻ ഇൻസെന്റീവ് - നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും പ്രചോദന പരിപാടി. 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 4 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. കൈത്തറി ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം, 2021-22 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അധികധനാനുമതി വഴി 2 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. 2. ii) നെയ്ത്ത്കാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി 3. iii) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജ്ജിൻ മണി വായ്പ iv)കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ / യുവവീവ് പദ്ധതി v)നെയ്ത്ത് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി vi) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ. 3) പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ i) കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും ii)പരിശീലന വൈവിധ്യ ശേഷി വികസന പരിപാടി iii) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി |
| (ബി) | പരമ്പരാഗത വ്യവസായമെന്ന നിലയ്ക്ക് ഈ പ്രതിസന്ധി മറികടക്കുന്നതിന് സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ വെള്ളപ്പൊക്കവും കോവിഡും കാരണം വിപണനം നിലച്ചുപോയ ഘട്ടത്തിൽ കൈത്തറി തുണിത്തരങ്ങൾ നല്ല രീതിയിൽ വിപണനം നടത്തുന്നതിനുള്ള എല്ലാ സഹായങ്ങളും സർക്കാർ ചെയ്തു നൽകി. |
| (സി) | കൈത്തറി മേഖലയുടെ പ്രധാന പ്രശ്നമായ നൂലിന്റെ ലഭ്യതക്കുറവും വിലക്കയറ്റവും മൂലം പ്രതിസന്ധിയിലായ കൈത്തറി സംഘങ്ങൾക്ക് നൂലും ചായവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | നൂൽ ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾക്ക് ആവശ്യമായ നൂൽ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങി വിതരണം ചെയ്യുന്നതിന് യാൺ ബാങ്കുകൾക്ക് മാർജിൻ മണി ലോൺ നൽകി വരുന്നു. കഴിനൂലിനും ചായത്തിനും സബ്സിഡിയും നൽകി വരുന്നു. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി നൂൽ വിതരണം ചെയ്യുന്നതിന് പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾ, ഹാൻവീവ് എന്നിവയ്ക്കുള്ള നൂലിന്റെ ആവശ്യകത ശേഖരിച്ച് യാൺ പർച്ചേസ് കമ്മിറ്റി കൂടി നൂൽ വിതരണത്തിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് വരുന്നു. |
| | | | |

| | | | |
|---|---|---|---|
| (ഡി) | കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനവും ഉല്പാദനവും പ്രോൽസാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | കൈത്തറി ഉല്പന്നങ്ങളുടെ വിപണനവും ഉൽപ്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. i) എക്സിബിഷൻ ഗ്രാൻറ് കേരളത്തിലെ പരമ്പരാഗത നെയ്ത്ത് സംഘങ്ങൾക്ക് (ഹാന്റക്സ്, ഹാൻവീവ് എന്നിവ ഉൾപ്പെടെ) കേരളത്തിനകത്തോ പുറത്തോ ഉള്ള കൈത്തറി വിപണന മേളകളിൽ പങ്കെടുത്ത് സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഗ്രാന്റ് അനുവദിച്ച് നൽകുന്ന പദ്ധതിയാണിത്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് കേരളത്തിനകത്ത് 10,000/- രൂപയോ, കേരളത്തിന് പുറത്ത് 15,000/- രൂപയോ വിൽപ്പനയുടെ 10% തുകയോ, ഏതാണോ കുറവ് ആയത് എക്സിബിഷൻ ഗ്രാന്റായി അനുവദിച്ച് നൽകുന്നു. ഹാന്റക്സ്, ഹാൻവീവ് എന്നിവർക്ക് കേരളത്തിനകത്ത് 30,000/- രൂപയോ, കേരളത്തിന് പുറത്ത് 40,000/- രൂപയോ, വിൽപ്പനയുടെ 10% തുകയോ ഏതാണോ കുറവ് ആയത് എക്സിബിഷൻ ഗ്രാന്റായി അനുവദിച്ച് നൽകുന്നു. സംഘങ്ങളെ അവരുടെ കൈത്തറി ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ii) കയറ്റുമതി പ്രോത്സാഹന പദ്ധതി കൈത്തറി ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കേരളത്തിലെ പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്ക് സ്ഥാപനം കയറ്റുമതി ചെയ്ത ഉൽപ്പന്നങ്ങളുടെ വിലയുടെ 20% പരമാവധി 20 ലക്ഷം രൂപ പ്രതിവർഷം സബ്സിഡിയായി നൽകുന്ന ഒരു പദ്ധതിയാണ് ഇത്. iii)അവാർഡ് കൈത്തറി മേഖലയിലെ ഉത്പാദന വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച കൈത്തറി സംഘങ്ങൾക്ക് അവാർഡ് നൽകി വരുന്നു. നെയ്ത്തുകാരുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് മികച്ച നെയ്ത്തുകാർക്കും അവാർഡ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ